## കേരള സർക്കാർ

### സംഗ്രഹം

വനിതാ ശിശു വികസന വകുപ്പ് - സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണം 2026-27 – 39 അങ്കണവാടികൾക്ക് സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിതാ ശിശു വികസന (ബി) വകുപ്പ്

**G.O.(Rt)No 274/2026/WCD** **Dated,13/08/2026**

---

എ.എസ് നമ്പർ : AS/WCD/26/52258 കാലാവധി : 31/03/2027

AS/WCD/26/52258

പരാമർശം:-
1. സ.ഉ.(സാധാ) നം. 196/2025/WCDD തീയതി 23/02/2025.
2. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 16/07/2026-ലെ DWCD/2574/2026-ICDSA8 നമ്പർ കത്ത്.
3. 24/07/2026-ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

### ഉത്തരവ്

വനിതാ-ശിശു വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്താകെ 33,120 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. പ്രാരംഭ ശൈശവകാല സംരക്ഷണം നല്കുന്നതിനും അങ്കണവാടികളിൽ എത്തിച്ചേരുന്ന കുഞ്ഞുങ്ങളുടെ മാനസികവും ശാരീരികവുമായ വികാസത്തിനുമായി അങ്കണവാടികളെ ശിശു സൗഹൃദപരമാക്കേണ്ടതുണ്ട്. നിലവിൽ ആറു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, അമ്മമാർ എന്നിവർക്ക് അങ്കണവാടികൾ മുഖേന നിരവധി സേവനങ്ങൾ നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആകെ അങ്കണവാടികളിൽ 6889 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

2) സംസ്ഥാനത്ത് 01/04/2019 മുതൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന അങ്കണവാടികൾക്ക് ഒരു ഏകീകൃത മോഡൽ വേണമെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന, സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് ആധുനിക രീതിയിൽ സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയ പ്ലാനിനും, പ്രൈസ് സോഫ്റ്റ് വെയറിലുള്ള എസ്റ്റിമേറ്റിനും 30/01/2020–ന് ചേർന്ന ഐസിഡിഎസ് മിഷൻ 4-ാമത് ഗവേണിംഗ് ബോഡി അംഗീകാരം നൽകിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന് (10, 7.5, 5, 3, 3 (Slopping Terrain) 1.2 സെന്റ്) ആനുപാതികമായി ഒരു നിശ്ചിത തുക വകുപ്പു വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട LSGD/MLA വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

3) സംസ്ഥാനത്ത് DSR 2021 പ്രകാരമുള്ള നിരക്കുകൾ നിലവിൽ വന്ന സാഹചര്യത്തിൽ സ്മാർട്ട് അങ്കണവാടി കെട്ടിട

നിർമ്മാണ പദ്ധതിയുടെ എസ്റ്റിമേറ്റ് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന DSR 2021 പ്രകാരം പുതുക്കി ലഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ DSR 2021 പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകാത്തതിനാൽ നിലവിലെ DSR 2018 എസ്റ്റിമേറ്റിൽ 25% വർദ്ധനവ് വരുത്തി എസ്റ്റിമേറ്റ് തുകയുടെ വകുപ്പ് വിഹിതവും, തദ്ദേശസ്വയംഭരണ വകുപ്പ്/എം.എൽ.എ. വിഹിതവും 50:50 ആനുപാതത്തിൽ ക്രമീകരിച്ച്, വർക്കിംഗ് ഗ്രൂപ്പ് അനുമതിയ്ക്കായി വനിത ശിശു വികസന ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ CCO ആയ 4235-02-102-87 (P) ശീർഷകത്തിൽ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണം/അങ്കണവാടി നവീകരണം എന്നിവക്കായി 12.5 കോടി രൂപ വകയിരുത്തിയിരുന്നത് 10 കോടിയാക്കി കുറച്ചിട്ടുണ്ട്. നിലവിലെ DSR 2018 എസ്റ്റിമേറ്റിൽ 25% വർദ്ധനവ് വരുത്തി എസ്റ്റിമേറ്റ് തുകയുടെ വകുപ്പ് വിഹിതവും, തദ്ദേശസ്വയംഭരണ വകുപ്പ്/എം.എൽ.എ. വിഹിതവും 50:50 അനുപാതത്തിൽ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

| | | | DSR 2018 | | | DSR 2018 (25 % Increase) | | |
|---|---|---|---|---|---|---|---|---|
| SL No | Area in Cents | Plinth Area of the Propose Building | Unit Cost of Smart Anganwadi | Dept. Contribution (50%) | L.S.G.D Contribution (50%) | Unit Cost of Smart Anganwadi Scheme (25 % Increase) | Dept. Contribution (50%) (25% Increase) | L.S.G.D Contribution (50%) (25% Increase) |
| 1 | 10 | 1655.23 | 52,00,000 | 26,00,000 | 26,00,00 0 | 65,00,000 | 32,50,000 | 32,50,000 |
| 2 | 7.5 | 1352.52 | 48,20,000 | 24,10,000 | 24,10,000 | 60,25,000 | 30,12,500 | 30,12,500 |
| 3 | 5 | 968.90 | 41,00,000 | 20,50,000 | 20,50,000 | 51,25,000 | 25,62,500 | 25,62,500 |
| 4 | 3 | 789.75 | 31,44,000 | 15,72,000 | 15,72,000 | 39,30,000 | 19,65,000 | 19,65,000 |
| 5 | 3 (Slopping terrain) | 918.97 | 33,70,000 | 16,85,000 | 16,85,000 | 42,12,500 | 21,06,250 | 21,06,250 |
| 6 | 1.25 | 581.00 | 26,80,000 | 13,40,000 | 13,40,000 | 33,50,000 | 16,75,000 | 16,75,000 |

4) 2026-27 സാമ്പത്തിക വർഷത്തിൽ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ CCO ആയ 4235-02-102-87 (P) ൽ റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി വകുപ്പിൽ നിന്നും വകുപ്പ് വിഹിതം അനുവദിക്കുന്ന മുറക്ക് തന്നെ ആനുപാതിക MLA/LSGD വിഹിതം (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) അനുവദിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ലഭ്യമാക്കാറുണ്ട്. കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് LSGD ചീഫ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തിയ്ക്ക് ചെലവാകുന്ന വകുപ്പ് വിഹിതം തുക 4235-02-102-87 (P) ൽ നിന്നും അനുവദിക്കുന്നു. നടപ്പ് സാമ്പത്തിക വർഷം ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിവിധ വിസ്തീർണ്ണത്തിലുള്ള 39 സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിന് ആകെ 8,42,00,000/-രൂപ ചെലവ് വരുന്നതാണ്. വകുപ്പ് വിഹിതമായി ചെലവഴിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു;

| | | | DSR 2018 (25% Increase) | | | |
|---|---|---|---|---|---|---|
| Sl No | Area in Cent◌s | Plinth Area of the Propose Building | Unit Cost of Smart Anganwadi Scheme (25% Increase) | Department Contribution (50 %) (25% Increase) | Proposed AW | Total Amount 2026-27 |
| 1 | 10 | 1655.23 | 65,00,000 | 32,50,000 | 1 | 32,50,000 |
| 2 | 7.5 | 1352.52 | 60,25,000 | 30,12,500 | 2 | 60,25,000 |
| 3 | 5 | 968.90 | 51,25,000 | 25,62,500 | 8 | 2,05,00,000 |
| 4 | 3 | 789.75 | 39,30,000 | 19,65,000 | 20 | 3,93,00,000 |
| 5 | 3 (Slopping Terrain) | 918.97 | 42,12,500 | 21,06,250 | 4 | 84,25,000 |

AS/WCD/26/52258

| | | | | | | |
|---|---|---|---|---|---|---|
| 6 | 1.25 | 581.00 | 33,50,000 | 16,75,000 | 4 | 67,00,000 |
| | | | | | 39 | **8,42,00,000/-** |

5) 2026-27 സാമ്പത്തിക വർഷത്തിൽ 8,42,00,000/- (എട്ട് കോടി നാൽപ്പത്തിരണ്ട് ലക്ഷം രൂപ മാത്രം) രൂപ വകുപ്പ് വിഹിതമായി വിനിയോഗിച്ച് മേൽപ്പട്ടികയിൽ വിവരിക്കുന്ന നിരക്കിൽ 39 അങ്കണവാടികൾക്ക് സർക്കാർ അംഗീകരിച്ച പ്ലാനിലും DSR 2018 (25% Increase) എസ്റ്റിമേറ്റിലും സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തരം കെട്ടിടം നിർമ്മിക്കുന്നതിനും, ടി തുക 4235-02-102-87(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനും ഉള്ള അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം വനിതാ ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ DSR 2021 പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറിൽ നിന്നും ലഭ്യമാകുന്ന മുറക്ക് സർക്കാർ അനുമതിക്കായി സമർപ്പിക്കുന്നതാണെന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

6) 24/07/2026-ന് ചേർന്ന വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

7) മേൽ സാഹചര്യത്തിൽ, 2026-27 സാമ്പത്തിക വർഷത്തിൽ 8,42,00,000/- (എട്ട് കോടി നാൽപ്പത്തിരണ്ട് ലക്ഷം രൂപ മാത്രം) രൂപ വകുപ്പ് വിഹിതമായി വിനിയോഗിച്ച് മേൽപ്പട്ടികയിൽ വിവരിക്കുന്ന നിരക്കിൽ 39 അങ്കണവാടികൾക്ക് സർക്കാർ അംഗീകരിച്ച പ്ലാനിലും DSR 2018 (25% Increase) എസ്റ്റിമേറ്റിലും സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തരം കെട്ടിടം നിർമ്മിക്കുന്നതിനും, പദ്ധതി നിർവ്വഹണം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ PRICE (Project Information and Cost Estimation) സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റിന് പൂർണ്ണമായും വിധേയമായിരിക്കണം എന്ന വ്യവസ്ഥയോടെ ടി തുക 4235-02-102-87(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 4235-02-102-87-00-00-0-P-V | 8,42,00,000 | AS/WCD/26/52258 | 2027-03-31 |

പ്രവർത്തിയുടെ പേര്/ നിർദ്ദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണം | 8,42,00,000 |
| ആകെ (എട്ട് കോടി നാല്പത്തി രണ്ട് ലക്ഷം രൂപ | | **8,42,00,000** |

AS/WCD/26/52258

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വനിതാ-ശിശു വികസന (എ) വകുപ്പ്
വെബ്&ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഓർഡർ പ്രകാരം കൈമാറി,
SANTHOSHKUMAR T K

Digitally signed by Santhoshkumar T K
Date:2026.08.17 10:33:21 +05:30

AS/WCD/26/52258